പത്രക്കുറിപ്പ്
4-5-2018

# സ്ത്രീകൾക്കും കുട്ടികൾക്കും തുണയായി കുടുംബശ്രീയുടെ കമ്യൂണിറ്റി കൗൺസിലർമാർ

## * ഇവർ മുഖേന പരിഹരിച്ചത് 4723 കേസുകൾ

തിരുവനന്തപുരം: കുടുംബശ്രീയുടെ കമ്യൂണിറ്റി കൗൺസിലർമാർ മുഖേന കഴിഞ്ഞ വർഷം സംസ്ഥാനത്ത് പരിഹരിച്ചത് 4723 കേസുകൾ. മൂന്നു ലക്ഷത്തിലേറെ ഗുണഭോക്താക്കൾക്കാണ് ഇവരുടെ സേവനം ലഭ്യമായത്. കൗൺസലിങ്ങ് രംഗത്തെ ഇവരുടെ പ്രവർത്തനമികവും സാമൂഹ്യ സ്വീകാര്യതയും കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയിലെ പട്ടം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലും പത്തനംതിട്ട ജില്ലയിലെ അടൂർ, പന്തളം പോലീസ് സ്റ്റേഷനുകളിലും കുടുംബശ്രീയുടെ കൗൺസലിങ്ങ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. കൂടുതൽ ഇടങ്ങളിലേക്ക് ഇവരുടെ സേവനം ലഭ്യമാക്കുന്നതു സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്തു വരികയാണ്.

കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്ന വിവിധ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി പരിശീലനം ലഭിച്ച 357 കമ്യൂണിറ്റി കൗൺസിലർമാർമാരെ തിരഞ്ഞെടുത്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെയാണ് ഇവരുടെ പ്രവർത്തനം. വിവാഹ പൂർവ കൗൺസലിങ്ങ് നൽകുക, സ്ത്രീകളും കുട്ടികളും കുടുംബങ്ങളും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കൗമാരക്കാർ, വയോജനങ്ങൾ എന്നിവർക്കുള്ള മാനസിക പിന്തുണ, എന്ന ലക്ഷ്യത്തോടെയാണ് കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചത്. കൗമാരപ്രായക്കാർക്ക് ആവശ്യമായ വിദഗ്ധ കൗൺലിങ്ങ് നൽകുന്നതിനാൽ പലയിടത്തും സ്കൂളുകളിൽ ഇവരുടെ സേവനം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ അധികൃതർ കുടുംബശ്രീയെ സമീപിച്ചിട്ടുണ്ട്.

സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ചുള്ളതും കുടുംബ പ്രശ്നങ്ങളുമടക്കം കോടതിയിലേക്ക് പോകാൻ സാധ്യതയുള്ള കേസുകൾ വരെ സമാധാനപൂർണമായി പരിഹരിക്കാൻ കഴിയുന്നതു കൊണ്ട് പഞ്ചായത്തുതലത്തിൽ ഇവർക്ക് ഏറെ വിശ്വാസ്യത നേടാൻ കഴിഞ്ഞിട്ടുണ്ട്. വിവാഹപൂർവ കൗൺസലിങ്ങ്, അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കുടുംബശ്രീ സംവിധാനമായ സ്നേഹിത, ജെൻഡർ റിസോഴസ് സെന്റർ, ബ്ളോക്ക്തല കൗൺസലിങ്ങ് സെന്ററുകൾ

എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ കൗൺസിലിങ്, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയും പരിശീലനം നേടിയ കമ്യൂണിറ്റി കൗൺസിലർമാർ മുഖേനയാണ് നടപ്പാക്കിവരുന്നത്. കുടുംബശ്രീ മുഖേന സംസ്ഥാനത്ത് അരക്ഷിതാവസ്ഥയുടെ പഠനം-വൾണറബിലിറ്റി മാപ്പിങ് നടപ്പാക്കിയപ്പോഴും ഇവരുടെ സേവനം പ്രയോജനപ്പെടുത്തിയിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ